(സി) എത്ര കേസുകളിൽ മോഷ്ടാക്കളെ പിടികൂടിയിട്ടുണ്ട് ;

(ഡി) എത്ര കവർച്ച മുതൽ തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(ഇ) കവർച്ചകൾ തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) 3 കവർച്ചകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) 3 കേസുകളിലുമായി 18,52,000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കവർച്ചയ്ക്കിടെയുള്ള ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെടുകയും ഒരാൾക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2 കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്.

(ഡി) ക്രൈം നമ്പർ 211/10 ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ കേസിൽ 12,000 രൂപയുടെ മുതലുകൾ കണ്ടെത്തിയിട്ടുണ്ട്.

(ഇ) കവർച്ചകൾ തടയാൻ രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും വാഹന പരിശോധന കർശനമാക്കിയും ബീറ്റുകൾ നടത്തിയും നടപടി സ്വീകരിച്ചിട്ടുണ്ട്.

വിജിലൻസ് വകുപ്പിൽ കേസ് അന്വേഷണ പുരോഗതി

27 (1768) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വിജിലൻസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ തസ്തികകൾ സർക്കിൾ ഇൻസ്പെക്ടർ തസ്തികകളായി ഉയർത്തിയതുവഴി കേസന്വേഷണത്തിൽ എന്ത് പുരോഗതിയാണ് ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

3-7-2010-ലെ ജി.ഒ. (എംഎസ്.) 31/10/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ സബ് ഇൻസ്പെക്ടർമാരുടെ 30 തസ്തികകൾ സർക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകളാക്കി ഉയർത്തിയത്. വിജിലൻസ് കേസുകളുടെ അന്വേഷണ ചുമതല ഇൻസ്പെക്ടർവരെയുള്ള ഉദ്യോഗസ്ഥർക്കാണെന്ന് P.C, ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ കൂടുതൽ അന്വേഷണ ഉദ്യോഗസ്ഥരെ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് മേല്പറഞ്ഞ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 6 മാസമെങ്കിലും കഴിഞ്ഞാൽ മാത്രമേ കേസന്വേഷണത്തിൽ ഉണ്ടായ പുരോഗതി കണക്കാക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly